(ബി) ഹർത്താൽ നേരിടാൻ ആവശ്യമെങ്കിൽ പട്ടാളത്തെ വിളിക്കാമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വിശദീകരിക്കാമോ;

(ഡി) ഈ കേസിൽ സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകന് സർക്കാരിന്റെ വാദം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകണമെന്ന വിവിധ രാഷ്ട്രീയ കക്ഷികളുടെ നിലപാടിൽ സർക്കാരിന്റെ തീരുമാനമെന്താണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—സി) ബഹു. കേരള ഹൈക്കോടതിയുടെ 28-5-2004 തീയതിയിലെ ഒ.പി. നമ്പർ 38418/2001 മുതലായ 5 റിട്ട് പെറ്റീഷനുകളിൽ പുറപ്പെടുവിച്ച വിധിയിൽ പറഞ്ഞിട്ടുള്ള 9 (ഒമ്പത്) പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഹർത്താൽ നേരിടാൻ പട്ടാളത്തെ വിളിക്കണമെന്ന നിർദ്ദേശവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരുകയാണ്.†

(ഡി) സർക്കാരിന്റെ വാദം സത്യവാങ്മൂലം മുഖേന കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഈ കാര്യത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നിർദ്ദേശങ്ങൾ ഒന്നും തന്നെ സർക്കാരിന് ലഭിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച സ്ഥാപനങ്ങൾ

*10 [10] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് മാസത്തെ സർക്കാർ ഉത്തരവിലൂടെ സേവന മേഖലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സേവന മേഖലയിൽ പുതുതായി സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് 2004 മാർച്ചിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി—ഡി) 16-9-1995-ലെ ജി.ഒ. (പി.) 189/95/തസ്വഭവ നമ്പർ ഗവ. ഉത്തരവ് പ്രകാരമാണ് സർക്കാരിന്റെ വിവിധ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ഈവിധം കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കാലാകാലങ്ങളിൽ സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചുപോരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നാണ് ഇപ്പോൾ നൽകിപ്പോരുന്നത്. പ്രസ്തുത ഗവ. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

എയ്ഡ്സ് രോഗികൾ

*11 [11] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡ്സ് ബാധിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എയ്ഡ്സ് ബാധിതരെ കണ്ടെത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ എന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എയ്ഡ്സ് രോഗം പടരുന്നത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) എയ്ഡ്സ് രോഗം ഒരു 'നോട്ടിഫയബിൾ ഡിസീസ്' അല്ല. എയ്ഡ്സ് ബാധിതരോടുള്ള അവഗണനയും ഒറ്റപ്പെടുത്തലും മൂലം രോഗബാധിതരുടെ എണ്ണം കൃത്യമായി റിപ്പോർട്ടുചെയ്യാറില്ലെങ്കിലും ഇതുവരെ 1696 എയ്ഡ്സ് രോഗികൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly